# SECOND YEAR SAMPLE QUESTION PAPER 2023
## Part-_11
## MALAYALAM
## Maximum:80 Scores

. Time:21/2hours
Cool- off Time:15Minutes

പൊതു നിർദ്ദേശങ്ങൾ

- നിർദ്ദിഷ്ട 21/2സമയത്തിന് പുറമേ15മിനിറ്റ് കൂൾ ഓഫ് ടൈം ഉണ്ടായിരിക്കും .
- കൂൾ ഓഫ് ടൈം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവം വായിക്കണം

**1**മുതൽ **6**വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **5**എണ്ണത്തിന് ഉത്തരമെഴുതുക**. 2** സ്കോർ വീതം

**1.** ശ്രീനാരായണഗുരു ദൈവദശകത്തിൽ ആവിഷ്കരിക്കുന്ന ദൈവ
സങ്കല്പത്തിന് യോജിക്കുന്നവ തെരഞ്ഞെടുത്ത് എഴുതുക

- സംസാരസാഗരം കടക്കുന്നതിനുള്ള യാത്രയിൽ നാവികനായി വർത്തിക്കുന്നു
- മനുഷ്യരുടെ തിന്മകൾക്ക് പ്രകൃതി ദുരന്തങ്ങൾ പോലുള്ള ശിക്ഷകൾ നൽകുന്നു
- ആഹാരവും വസ്ത്രങ്ങളും നൽകുന്നു
- എല്ലായിപ്പോഴും അപ്രാപ്യനായി നിലകൊള്ളുന്നു

**2** കിരാത വൃത്തത്തിലെ കാട്ടാളന്റെ തീവ്രദുഃഖത്തെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ രണ്ടെണ്ണം എഴുതുക

- അമ്പിളി കളമെഴുതി പാടിയ രാവുകൾ
- കണ്ണിൽനിന്ന് ഊറിയിടർന്ന തീത്തുള്ളി
- ഈറൻ മുടി കോതിയ സന്ധ്യകൾ
- കരളിൽ നുറുങ്ങിയ നട്ടെല്ല്

**3**പുലിക്കോട്ടിൽ ഹൈദരുടെ കൃതികൾക്ക് ചേരാത്ത
പ്രസ്താവനകൾ ഏതൊക്കെ?

- കേരളീയത
- നാട്ടുഭാഷയ്ക്ക് പ്രാധാന്യമില്ലായ്മ
- ഇസ്ലാമിക ചരിത്രമാണ് ഇതിവൃത്തം
- മതേതരവും പ്രാദേശികവുമായ പ്രമേയം

**4** താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് നവമാധ്യമങ്ങളുടെ
സവിശേഷതയായി
ചൂണ്ടിക്കാട്ടാൻ കഴിയുന്ന രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക

- എഡിറ്റിംഗ്
- ഇരുത്തം വന്ന ഭാഷ
- സ്വതന്ത്ര ആവിഷ്കാരം
- അറിവുകളും വിവരങ്ങളും തൽസമയം ലഭിക്കുന്നു

**5_**അഗ്നിവർണ്ണന്റെ കാലുകളിൽ കാണുന്ന തനത് നാടക സവിശേഷതകൾ

- താളനിബന്ധമായ സംഭാഷണം ആണ്
- മെലോ ഡ്രാമയുടെ അമിത സ്വാധീനം
- സമകാലിക ജീവിത സമസ്യകളുടെ അവതരണം
- ക്ലാസിക്കൽ കലാരൂപമാണ്

**6** കുഞ്ചൻ നമ്പ്യാരുടെ കവിതയുടെ സവിശേഷതകൾ തിരഞ്ഞെടുത്തു  എഴുതുക

- ആക്ഷേപഹാസ്യത്തിലൂടെ സാമൂഹ്യ വിമർശനം നടത്തുന്നു
- പുരാണ കഥാപാത്രങ്ങളെ കേരളീയവൽക്കരിച്ച് അവതരിപ്പിക്കുന്നു
- വരേണ്യ വർഗ്ഗത്തെ ബോധവൽക്കരിക്കാൻ ആണ് ശ്രമിക്കുന്നത്
- അതികഠിനമായ ഭാഷാ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്

**7** മുതൽ **11** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4**എണ്ണത്തിന് ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക. **2** സ്കോർ വീതം.

**7.** "അത്ഭുതമെന്നേ പറയേണ്ടൂ-ദേവസ്യയ്ക്കല്ല, പറ്റിയത് തേങ്ങയ്ക്കായിരുന്നു"- ഈ വരികളിലെ ഹാസ്യത്തിന്റെ സവിശേഷത എന്ത്?

**8.** ശകുന്തള ദുഷ്യന്തനെക്കാൾ ശ്രേഷ്ഠ യാണെന്ന് വ്യക്തമാക്കുന്നരണ്ട് ആശയങ്ങൾ എഴുതുക

**9.** അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലൂടെ കാവാലം നാരായണ പണിക്കർ മുന്നോട്ടുവയ്ക്കുന്ന രണ്ട് സാമൂഹ്യ വിമർശനങ്ങൾ എഴുതുക

**10.**,'നമ്മുടെ ജവാന്മാരെയല്ലേ ദേവന്മാരെക്കാൾ   കൂടുതൽ ആദരിക്കേണ്ടത്'എന്ന് പറയുന്നത് എന്തുകൊണ്ട്?

**11.** മലയാളഭാഷാ ക്ലാസ്സിൽ നിന്ന് ഇ.സി.ജി സുദർശന ലഭിച്ച രണ്ട് നേട്ടങ്ങൾ കുറിക്കുക

**12** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4**എണ്ണത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക. **4**സ്കോർ വീതം

**12.** 'ആഗോളവൽക്കരണ യുഗത്തിൽ മുഖം നഷ്ടമായ വ്യക്തിയുടെപ്രതീകമാണ് ദിവാകരൻ'.ഈ അഭിപ്രായത്തോട് യോജിക്കുന്ന രണ്ട് കഥാ സൂചനകൾ കണ്ടെത്തി എഴുതുക.

**13."** കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്ന് നിരൂപിക്കു മെത്രയും വിരൂപന്മാർ "-എഴുത്തച്ഛൻറെ കാവ്യഭാഷയെ മനോഹരമാക്കുന്നത് ലോകോക്തികളാണ് . തന്നിരിക്കുന്ന വരികളെ ആസ്പദമാക്കി അപഗ്രഥന കുറിപ്പ് തയ്യാറാക്കുക.

**14.** "അന്തരീക്ഷത്തിലെ മാറാലയെല്ലാം  അടിച്ചു കളയട്ടെ നിലത്ത് കിടക്കുന്ന ചപ്പുചിപ്പെല്ലാം പറപ്പിച്ചു കളയട്ടെ". സന്ദർഭവും ആശയവും വിശദമാക്കുക.

**15.** പുലിക്കോട്ടിൽ ഹൈദരുടെ വെള്ളപ്പൊക്കമാല,മറിയക്കുട്ടിയുടെകത്ത് എന്നീ രചനകളെ കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

**16.** വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ എന്ന ഫീച്ചറിനെ മനോഹരമാക്കുന്നത് വികാരഭരിതമായ വിവരണമാണ്. ശരിയോ ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

**17** മുതൽ **21** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4**എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. **6**സ്കോർ വീതം.

**17.** 'വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുമ്പോഴും അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഒരു സാമൂഹ്യ അവസ്ഥ മലയാളിക്ക് ഉണ്ട്'.ഗൗളി ജന്മം എന്ന കഥയിലെ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി ഈ അഭിപ്രായത്തിൻറെ സാധുത പരിശോധിക്കുക.

**18.** സ്വന്തം നാടുവിട്ട് ജീവിക്കുന്നതിന്റെ അസംതൃപ്തികളെ ഭാവന കൊണ്ട് അതിജീവിക്കുന്നതിന്റെ ആവിഷ്കാരമാണോ 'പ്രകാശം ജലം പോലെയാണ്'എന്ന കഥ വിശകലനം ചെയ്യുക.

**19.** അഴിമതിയേയും സ്വജനപക്ഷപാതത്തെയും സമൂഹത്തിൽനിന്ന് തുടച്ചു മാറ്റേണ്ടതിൻറെ ആവശ്യകത ബോധ്യപ്പെടുത്തുന്ന കഥാപാത്രമാണോ അടിച്ചുതളിക്കാരി- അഭിപ്രായം രേഖപ്പെടുത്തുക.

**20.** "പ്രകാശത്തിന്റെ കബളിപ്പിക്കലിനെ അതിജീവിച്ചും ആവശ്യമുള്ള ചിത്രങ്ങൾ കൈക്കലാക്കുമെന്ന് അയാൾ പ്രതിജ്ഞ ചെയ്തു". ഇതിൽ ദിവാകരന് വിജയിക്കാൻ കഴിഞ്ഞോ? നിങ്ങളുടെ അഭിപ്രായം 'അവകാശങ്ങളുടെ പ്രശ്നം'എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക.

**21.** "നമ്മുടെ നാടോടി സംസ്കാരത്തിന്റെയും പടയണി എന്ന അനുഷ്ഠാന കലാരൂപത്തിന്റെയും അടിത്തറയിൽ കെട്ടി ഉയർത്തിയ കാവ്യശില്പമാണ് കിരാതവൃത്തം". വിലയിരുത്തുക

**22** മുതൽ **24** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **2**എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക **.8** സ്കോർ വീതം.

**22.** സൈബർ സാധ്യതകളുടെ ദുരുപയോഗം ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.ഇതിൽനിന്ന് നമ്മുടെ യുവതലമുറയെ പിന്തിരിപ്പിക്കുന്നതിന് വേണ്ടി സ്വീകരിക്കാവുന്ന മാർഗങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

**23.** ഗൗജന്മം എന്ന കഥ പെണ്ണിൻറെ സ്വാതന്ത്ര്യ പ്രഖ്യാപനമാണെന്നാട്ടുവയ്ക്കുന്നത് സമകാലിക സ്ത്രീ ജീവിത സാഹചര്യങ്ങളെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.

**24.** അധികാരത്തിന്റെ ഒരു പ്രതീകമാണ് അഗ്നിവർണ്ണൻ. എല്ലാകാലത്തുംപ്രസക്തമായ 'അഗ്നിവർണ്ണൻ' എന്ന കഥാപാത്ര വ്യക്തിത്വം നിലവിലെ സാമൂഹ്യ സാഹചര്യത്തെ മുൻനിർത്തി പരിശോധിക്കുക.

DRG Members

1.ബേനസീർ എ 744972 ജി എച്ച് എസ് വണ്ടൂർ

2.ശാലിനി പി 450605 ജി എച്ച് എസ് കരുവാരക്കുണ്ട്

തയ്യാറാക്കിയവർ

1. നാരായണൻ കെ പി 844679
EMOR Girls എച്ച്എസ്എസ് പാലാട്
2. ബിജുമോൻ എൽ 342067 മാർത്തോമാ ജി എച്ച് എസ് എസ് ചുങ്കത്തറ
3. സുഹ്റാഫി കെ 793574 ജിഎച്ച്എസ്എസ് പൂക്കോട്ടുംപാടം
4. സിജിന പി പി 152324 ജിഎച്ച്എസ്എസ് വെള്ളത്തൂർ
5. ശ്രീപ്രിയ ഉള്ളവളപ്പിൽ 936577 ജിഎച്ച്എസ് പുല്ലങ്കോട്
6. ആതിര കെ 939950 ജിഎച്ച്എസ്എസ് തിരുവാലി
7. ശരശ്രീ എസ് ആർ 638780 ജിഎച്ച്എസ്എസ് മൂത്തേടത്ത്